1571/2381/18.

ഭരണഭാഷ മാതൃഭാഷ -

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യു വകുപ്പ്മൂന്നാം നില ,
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം .ഡിബി3-5068/2017തസ്വഭവ/സിഇ/ തീയതി 14/05/2018

# സർക്കുലർ

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം -സാധന സാമഗ്രികളുടെ ദൗർലഭ്യം കാരണം പൊതുമരാമത്ത് പ്രവൃത്തികളിൽ കാലതാമസം നേരിടുന്നത് - സംബന്ധിച്ച് -

സംസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ മണൽ, മെറ്റൽ, റബിൾ എന്നീ സാധന സാമഗ്രികളുടെ രൂക്ഷക്ഷാമം ചില ജില്ലകളിൽ നേരിടുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ഈ കാര്യാലയത്തിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ട്. ടി വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യുന്നതിനായി 2017-18 സാമ്പത്തിക വർഷം വിവിധ ജില്ലകളിൽ നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ചുള്ള വിവരങ്ങൾ താരതമ്യം ചെയ്യേണ്ടതുണ്ട്. ടി വിവരങ്ങൾ സമർപ്പിക്കുന്നതിനായി ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.celsgd.kerala.gov.in -ന്റെ "proforma page"-ൽ പ്രസിദ്ധീകരിച്ചിട്ടുള്ള Google sheet proforma P-1028-ൽ 17.05.2018-ന് മുൻപായി രേഖപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം, കൊല്ലം, പാലക്കാട്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. ജില്ലാപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ജില്ലാപഞ്ചായത്തുകളിൽ നിന്നും, ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്നുമാണ് രേഖപ്പെടുത്തേണ്ടത്. ടി പ്രൊഫോർമയിൽ അതാത് ജില്ലയിലെ ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള കൃത്യമായ വിവരങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 601